**സബ്മിഷൻ**

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് 16 സബ്മിഷനും ഉച്ചയ്ക്കുശേഷം നിയമനിർമ്മാണവുമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ സമയക്രമം പാലിച്ച് ഒരു മിനിറ്റ് കൊണ്ട് സബ്മിഷൻ അവതരിപ്പിക്കുകയും അവയ്ക്കുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രിമാർ മേശപ്പുറത്തു വയ്ക്കേണ്ടതുമാണ്.

1. എടവനക്കാട് തീരപ്രദേശത്ത് കടൽഭിത്തി പുനർനിർമ്മാണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കടൽക്ഷോഭം രൂക്ഷമായ വൈപ്പിനിലെ എടവനക്കാട് തീരപ്രദേശത്ത് കടൽഭിത്തി പുനർനിർമ്മിക്കുന്നതിനും പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനും അടിയന്തരനടപടി സ്വീകരിക്കണം. നൂറുകണക്കിന് കുടുംബങ്ങൾ സമാനതകളില്ലാത്ത ദുരിതം അനുഭവിക്കുന്ന ടി സ്ഥലം ഞാൻ സന്ദർശിച്ചതാണ്. ആ തീരപ്രദേശം മുഴുവൻ കാറ്റും കടലുമെടുത്ത് പോകുകയാണ്. എല്ലാവരുടെയും വീടുകളിൽ വെള്ളം കയറി ഇടിഞ്ഞുതുടങ്ങിയിരിക്കുകയാണ്. ഒരപകടം വന്നാൽ അവിടെനിന്ന് രക്ഷപ്പെടാൻ ഒരു റോഡ് പോലുമില്ല. ഗർഭിണികളായ സ്ത്രീകൾ സ്ഥലമൊഴിഞ്ഞു പോകുകയാണ്. രോഗികളായ ആളുകളെ ആശുപത്രികളിൽ

കൊണ്ടുപോകാൻ കഴിയുന്നില്ല. 2004-ലെ സുനാമി ദുരന്തത്തിൽ തകർന്ന റോഡുകൾപോലും നാളിതുവരെ മെയിന്റെയിൻ ചെയ്തിട്ടില്ല. കല്ലുകൾപോലും തെറിച്ചുകിടക്കുകയാണ്. അവിടെയാണ് ജിയോ ബാഗ് വയ്ക്കുന്നത്. ജിയോ ബാഗ് വച്ചാൽ ജനവാസമേഖലയിൽ വെള്ളം കയറുന്നത് പ്രതിരോധിക്കാൻ കഴിയില്ല. ജിയോ ബാഗുകൾ കടൽക്ഷോഭത്തിന് ഒരുതരത്തിലും പരിഹാരമല്ല. തീരസദസ്സ് പരിപാടിയിൽ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ഉറപ്പുനൽകിയതനുസരിച്ച് ടെട്രാപോഡ് ഉപയോഗിച്ച് കടൽഭിത്തി, റോഡ് അറ്റകുറ്റപ്പണികൾ, സമാന്തര റോഡ് നിർമ്മാണം എന്നിവയ്ക്കായി 56.46 കോടി രൂപയുടെയും പുലിമുട്ട് നിർമ്മാണത്തിന്, ഒരു പുലിമുട്ടിന് 1.25 കോടി രൂപ വീതവുമുള്ള പ്രോജക്ടും തയ്യാറാക്കിയിരുന്നു. എന്നാൽ, തീരദേശ പാക്കേജുകളൊന്നും യാഥാർത്ഥ്യമായില്ല. ജനങ്ങൾ വല്ലാത്ത ദുരിതമനുഭവിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ ഗ്രേറ്റർ ദ്വീപ് വികസന അതോറിറ്റി (ജിഡ) ഫണ്ടും ആ ദ്വീപുകളുടെ സംരക്ഷണത്തിനുണ്ട്. പക്ഷേ, അതിന്റെ യോഗം ചേരാത്തതുകൊണ്ട് ഫണ്ട് കൃത്യമായി ഉപയോഗിക്കാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടി

ഇക്കാര്യത്തിൽ ശ്രദ്ധിക്കുമെന്ന് കരുതുന്നു. മറ്റ് ഫണ്ടുകളില്ലാതെ ജിഡ-യുടെ ഫണ്ടുപയോഗിച്ച് എടവനക്കാട് തീരപ്രദേശത്തെ രൂക്ഷമായ പ്രശ്നം പരിഹരിക്കാൻ കഴിയും. തൃശ്ശൂർ ജില്ലയിലെ ചാവക്കാട് കടപ്പുറത്തും സമാനമായ പ്രശ്നമുണ്ട്. അടിയന്തരനടപടികൾ സ്വീകരിച്ചില്ലെങ്കിൽ തീരപ്രദേശത്തെ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമായി മാറും. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവമുള്ളതുതന്നെയാണ്. എടവനക്കാട് തീരപ്രദേശത്തെ പ്രശ്നങ്ങൾക്ക് ജിയോ ബാഗ് ശാശ്വതമായൊരു പരിഹാരമല്ല. അവിടെ പുലിമുട്ടുകളും മറ്റുമുണ്ടെങ്കിലും NCCR (National Centre for Coastal Research)- ന്റെ പഠനത്തിന്റെ ഭാഗമായുള്ള റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്. പ്രശ്നബാധിത പ്രദേശങ്ങളിൽ ടെട്രാപോഡ് ഉപയോഗിച്ചുള്ള സംരക്ഷണമാണ് ആവശ്യമുള്ളത്. മത്സ്യബന്ധനം, സാംസ്കാരികകാര്യം, യുവജനകാര്യ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ സ്ഥലം സന്ദർശിച്ചപ്പോൾ പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവമായി കാണുകയും അത്

നടപ്പിലാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. NCCR-ന്റെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ ഗൗരവപൂർണ്ണമായ നടപടി സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

2) ആട്ടൂർ മുഹമ്മദിന്റെ തിരോധാനം

ഡോ. എം. കെ. മുനീർ: സർ, റിയൽ എസ്റ്റേറ്റ് ഇടനിലക്കാരനും വ്യവസായിയും ചാരിറ്റി പ്രവർത്തകനുമായ മുഹമ്മദ് ആട്ടൂർ എന്ന മാമിയെ തലക്കുളത്തൂരിൽ നിന്നും കാണാതായിട്ട് ഇന്നേയ്ക്ക് 10 മാസവും 24 ദിവസവും പിന്നിടുകയാണ്. 2023 ആഗസ്റ്റ് 21-ന് വൈകിട്ട് 6.00 മണിക്ക് ഭാര്യ റംലത്തുമായി അവസാനം ഫോണിൽ സംസാരിച്ചപ്പോൾ 7.30-ന് വീട്ടിലെത്തുമെന്ന് പറയുകയും തുടർന്ന് 7.24-ന് അല്പംകൂടി വൈകുമെന്ന് വാട്ട്സാപ്പ് മെസേജ് അയച്ച അദ്ദേഷം തൊട്ടടുത്ത ദിവസം 1.45-ന് കുടുംബ സുഹൃത്തിനെ വിളിച്ച് പ്രശ്നമൊന്നുമില്ലെന്ന് പറയുകയും ചെയ്തു. 6.30-ന് കുടുംബ സുഹൃത്ത് മുഹമ്മദ് ആട്ടൂരിനെ കണ്ടെത്താൻ പരാതി നൽകണമെന്ന് അദ്ദേഹത്തിന്റെ ഭാര്യയെ വിളിച്ച് പറയുകയാണ്. രാത്രി 10.00 മണിയോടുകൂടി ഭാര്യ നടക്കാവ് പോലീസ് സ്റ്റേഷനിലെത്തി പരാതി നൽകുകയും ക്രൈം നമ്പർ

+ അനുബന്ധമായി ചേർക്കുന്നു.

1010/23 ആയി കേരള പോലീസ് ആക്റ്റിലെ സെക്ഷൻ 57 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ടെങ്കിലും നാളിതുവരെ അദ്ദേഹത്തെ കണ്ടെത്താനായിട്ടില്ല. ഗൂഗിൾ ഡാറ്റായും ടവർ ഡമ്പ് ഡാറ്റായും അന്വേഷണ സംഘത്തിന് ലഭിച്ചിട്ടും ഫലപ്രദമായ രീതിയിൽ അന്വേഷണം നടത്താൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഇവരുടെ ആശങ്ക അവസാനിപ്പിക്കുന്നതിനുവേണ്ടി കൂടുതൽ ഊർജ്ജിതമായി കേരള പോലീസ് ക്രൈംബ്രാഞ്ച് ADGP-യെ കൊണ്ട് ഈ കേസ് അന്വേഷിപ്പിക്കാൻ തയ്യാറാകണം. ഇന്നലെ ആ കുടുംബാംഗങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെയും നേരിൽ കാണുകയും മുഖ്യമന്ത്രി അവരോട് സംസാരിക്കുകയും ചെയ്തതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. കെ. എം. സച്ചിൻദേവ്, എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങയുടെ നിർദ്ദേശപ്രകാരം വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.

3) കാസർഗോഡ് നഗരത്തിലെ മോഷണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് നഗരത്തിൽ വർദ്ധിച്ചുവരുന്ന മോഷണങ്ങൾ സർക്കാരിന്റെയും ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽക്കൊണ്ടുവരിയെന്നതാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉദ്ദേശിക്കുന്നത്. 2024 ജൂൺ മാസം വരെ കാസർഗോഡ് നഗരത്തിൽ 17 മോഷണങ്ങൾ നടന്നു. സിറ്റി കൂൾ ഇലക്ട്രോണിക് ഷോപ്പ്, ചില്ലി ഹൈപ്പർ മാർക്കറ്റ്, ബേബി ക്യാമ്പ് എന്നീ മൂന്ന് കടകളിലാണ് ജൂൺ 30-ാം തീയതി ഏറ്റവും അവസാനമായി മോഷണം നടന്നത്. ഈ 17 മോഷണ കേസ്സുകളിൽ 11 എണ്ണവും ഇപ്പോഴും അൺഡിറ്റക്ടഡ് ആണ്. ഇൻവെസ്റ്റിഗേഷൻ നടന്നുവരികയാണ്. 20-05-2024-ന് മൊഗ്രാൽ പുത്തൂർ ഫൈസൽ മൻസിലിൽ നടന്ന മോഷണമാണ് ശ്രദ്ധേയമായത്. ആയിഷത്ത് ഫൗദീദയുടെ വീടിന്റെ മുൻഭാഗത്തെ പൂട്ട് പൊളിച്ച് അവരുടെ അലമാരയിലുണ്ടായിരുന്ന 25 പവനോളം സ്വർണ്ണമാണ് മോഷ്ടാക്കൾ കവർന്നത്. പ്രതികൾ പിടിക്കപ്പെടുന്നുണ്ടോ എന്നതല്ല ഇവിടത്തെ പ്രശ്നം. ഇതെല്ലാം കാസർഗോഡ് പോലീസ് സ്റ്റേഷന

ചുറ്റുവട്ടത്ത് നടക്കുന്ന സംഭവങ്ങളാണ്. കാസർഗോഡിന്റെ കാര്യമായതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്ഷമ കാണിക്കുമെന്നുള്ള വിശ്വാസം എനിക്കില്ല. ഈ പ്രദേശങ്ങളിൽ രാത്രികാലങ്ങളിൽ പോലീസിന്റെ സാന്നിധ്യമുണ്ടായാൽ ഗരത്തിലുണ്ടാകുന്ന മോഷണങ്ങൾ ഒരുപരിധിവരെ കുറയ്ക്കാൻ സാധിക്കുന്നതാണ്. ഞാൻ പോലീസിനെ കുറ്റപ്പെടുത്തുകയല്ല നിലവിൽ പോലീസിന്റെ ജോലി ഭാരം വളരെ വലുതാണ്. 24 മണിക്കൂറും പോസ്റ്റ്മോർട്ടം നടക്കുന്ന കേരളത്തിലെ ഏക ആശുപത്രിയാണ് കാസർഗോഡ് നഗരത്തിലെ ജനറൽ ആശുപത്രി. അതുകൊണ്ടുതന്നെ പോലീസുകാർക്ക് രാത്രി വൈകിയും ഡ്യൂട്ടിയുണ്ടാകുന്ന അവസ്ഥയുണ്ട്. പിറ്റേ ദിവസം വീണ്ടും ഇവർ പോലീസ് സ്റ്റേഷനിലെത്തി ഡ്യൂട്ടി ചെയ്യേണ്ടതായി വരുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ട് വരാൻ ആഗ്രഹിക്കുന്നൊരു പ്രധാന കാര്യം, കാസർഗോഡ് ജില്ലയിൽ പ്രത്യേകിച്ച് കാസർഗോഡ്, മഞ്ചേശ്വരം ഭാഗങ്ങളിൽ, കുറച്ച് കാശ് കയ്യിൽ വന്നാൽ ആളുകൾ മംഗലാപുരത്ത് പോയി ഇൻവെസ്റ്റ് ചെയ്യുന്നൊരു പ്രവണതയുണ്ടായിരുന്നു. എന്നാൽ ഈയടുത്ത കാലത്ത് അത് കുറഞ്ഞുവരുന്നതായാണ് കാണുന്നത്.

അതിനിടയിലാണ് ഈ മോഷണങ്ങൾ നടക്കുന്നത്. കാസർഗോഡ് ടൗണിൽ മാത്രമല്ല മഞ്ചേശ്വരത്തൊക്കെ മോഷണം നടക്കുന്നതായി ശ്രീ. എ. കെ. എം. അഷ്റഫ് എന്നോട് പറഞ്ഞു. ഇത് തടയാൻ പറ്റിയില്ലെങ്കിൽ കാസർഗോഡ് ആരും പണം ഇൻവെസ്റ്റ് ചെയ്യില്ല. അതിനാൽ ഈ മോഷണം തടയുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഫലപ്രദമായൊരു നടപടി സ്വീകരിക്കണം. കാസർഗോഡ് നഗരത്തിൽ എപ്പോഴും പോലീസിന്റെ സാന്നിധ്യമുണ്ടെന്ന് ഉറപ്പുവരുത്തിയാൽ ഈ മോഷണം കുറയ്ക്കാൻ സാധിക്കും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങയുടെ നിർദ്ദേശ പ്രകാരം വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

4) കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി കുന്നുംഭാഗത്ത് ഗവൺമെന്റ് സ്കൂളിനോടനുബന്ധിച്ചുള്ള സ്പോർട്സ് സ്കൂളിന് അനുവാദം നൽകി കിഫ്ബി മുഖേന DPR തയ്യാറാക്കി അവിടെ സ്പോർട്സിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി നടപടി സ്വീകരിക്കുകയും ചെയ്തതാണ്. എന്നാൽ, ഇപ്പോൾ DPR കിഫ്ബിയുടെ പരിഗണനയിലാണ്. എത്രയും വേഗം

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.

അതിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ഈ സ്പോർട്സ് സ്കൂൾ യാഥാർത്ഥ്യമാക്കാൻവേണ്ടി ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഡിസൈൻ റിവ്യൂ പൂർത്തീകരിച്ചശേഷം പദ്ധതി നിർവ്വഹണ ഏജൻസിക്ക് പദ്ധതി സാങ്കേതികാനുമതി ലഭ്യമാക്കാനായി നൽകും. കിഫ്ബി മാനദണ്ഡങ്ങൾ പാലിച്ച് തുടർന്ന് ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാവുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

5) കാഞ്ഞിരംകുളം ഗവൺമെന്റ് കുഞ്ഞുകൃഷ്ണൻ നാടാർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിന് ഭൂമി ഏറ്റെടുക്കൽ

ശ്രീ. എം. വിൻസെന്റ്; സർ, എന്റെ നിയോജക മണ്ഡലത്തിലെ ഏക ഗവൺമെന്റ് കോളേജാണ് കാഞ്ഞിരംകുളം ഗവൺമെന്റ് കുഞ്ഞുകൃഷ്ണൻ നാടാർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ്. ആ പ്രദേശത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി എല്ലാ പരിശ്രമങ്ങളും നടത്തിയിട്ടുള്ള, ഇന്നും ജനങ്ങൾ ബഹുമാനത്തോടെ കാണുന്നൊരു സാമൂഹ്യനേതാവാണ്

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.

കുഞ്ഞുകൃഷ്ണൻ നാടാർ. അദ്ദേഹത്തിന്റെ നാമധേയത്തിലുള്ള കോളേജ് ആകെ ഒരേക്കർ 65 സെന്റ് സ്ഥലത്താണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഇതിന്റെ ഫലമായി യു.ജി.സി.യുടെയും റൂസയുടെയും ഫണ്ടും കോളേജിന്റെ അഫിലിയേഷൻ തന്നെ നഷ്ടപ്പെടുകയും ചെയ്യുമെന്നൊരു ഘട്ടത്തിൽ നിരന്തരമായി നിയമസഭയിൽ സബ്മിഷനും ചോദ്യങ്ങളുമെല്ലാം കൊണ്ടുവന്നിരുന്നു. സഭയ്ക്ക് പുറത്ത് നടത്തിയിട്ടുള്ള വലിയ സമ്മർദ്ദങ്ങളുടെ അടിസ്ഥാനത്തിൽ 22-02-2003-ൽ 4.8 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ ഗവൺമെന്റ് ഉത്തരവായി. എന്നാൽ നാളിതുവരെയായി പ്രാഥമികതലമായ ലെവൽ-1 നോട്ടീസ് വിജ്ഞാപനംപോലും നടത്തിയിട്ടില്ല. Social Impact Assessment study എന്നും Expert Group Report എന്നൊക്കെ പറഞ്ഞ് ഇതിന് കാലതാമസം വരുത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനുശേഷവും ഒരുപാട് നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. 91 Declaration, Basic Valuation Report, Structural Valuation Report, Detailed Valuation Statement എന്നിവയും Award enquiry നടത്തി അത് പാസ്സാക്കുകയും വേണം. ഇങ്ങനെ കാലതാമസം നേരിടുന്ന ധാരാളം പ്രോസസ്സുകൾ

പൂർത്തീകരിക്കേണ്ടതുണ്ട്. ഇപ്പോൾത്തന്നെ 15 മാസം കഴിഞ്ഞിരിക്കുന്നു. അതിനാൽ അടിയന്തരമായി ഈ ഭൂമി ഏറ്റെടുത്ത് കോളേജിന് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ അതിവേഗം പൂർത്തീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പല നടപടിക്രമങ്ങളും വളരെ സത്വരമായി നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങ് ഉന്നയിച്ചതുപോലെ ഈ വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ബഹുമാനപ്പെട്ട അംഗത്തെയും തിരുവനന്തപുരം ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് ഉടൻതന്നെ ഒരു യോഗം വിളിച്ചുചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.

6) കുട്ടനാടൻ സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാട് നിയോജകമണ്ഡലത്തിന്റെ മുൻ എം.എൽ.എ.-യും എന്റെ സഹോദരനുമായ തോമസ് ചാണ്ടിയുടെ ചിരകാല അഭിലാഷമായ കുടിവെള്ള പദ്ധതിയായ കുട്ടനാടൻ സമഗ്ര കുടിവെള്ള പദ്ധതി ഇന്ന് ഏറ്റവും നല്ല രീതിയിൽ നടപ്പിലാക്കുകയും ആയത് അംഗീകരിക്കപ്പെടുകയും ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ജലവിഭവ വകുപ്പുമന്ത്രിയുടെയും ശക്തമായ ഇടപെടലിലൂടെയാണ് ഇങ്ങനെയൊരു പദ്ധതി സാർത്ഥകമായത്. ഇന്ന് അതിന്റെ കോൺട്രാക്ട് നടപടി പൂർത്തീകരിച്ചിരിക്കുകയാണെന്നതിൽ അതിയായ സന്തോഷമുണ്ട്. 9 ഗഡുകളായാണ് ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ബാക്കിയുള്ള കാര്യങ്ങളെക്കുറിച്ച് ജനങ്ങൾ അറിയാൻ ആഗ്രഹിക്കുന്നുണ്ട്. ഈ സബ്മിഷനുള്ള മറുപടി മേശപ്പുറത്തുവച്ചാൽ കുട്ടനാടിലെ മൂന്നര ലക്ഷം ജനങ്ങൾക്ക് അത് കേൾക്കാൻ സാധിക്കില്ല. ഇപ്പോൾ കോൺട്രാക്ടിൽ ഒപ്പുവച്ചുകഴിഞ്ഞു. ബാക്കി നടപടികൾ എങ്ങനെ മുന്നോട്ടുകൊണ്ട് പോകുമെന്നതിനെ സംബന്ധിച്ച് ജലവിഭവ വകുപ്പുമന്ത്രി ഈ

സഭയിൽ വിശദമാക്കേണ്ടതാണ്. കാരണം, ഞങ്ങൾ കഷ്ടപ്പെട്ട് ഇവിടെ വന്നിരിക്കുന്നത് ജനങ്ങളെ വിവരം അറിയിക്കാനായാണ്. അവരാണ് ഞങ്ങളെ തിരഞ്ഞെടുത്തത്. അതുകൊണ്ട് മറുപടി മേശപ്പുറത്തുവയ്ക്കാതെ ബഹുമാനപ്പെട്ട മന്ത്രി അക്കാര്യങ്ങൾ ഈ സഭയിൽത്തന്നെ വിശദമാക്കേണ്ടതാണ്. ഇത്തരം കാര്യങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ അങ്ങ് ശക്തമായ രീതിയിൽ മറുപടി പറയേണ്ടതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം ഓരോ സഭാ സമ്മേളന സമയത്തും ഈ വിഷയം ആവർത്തിച്ച് ഉന്നയിക്കാറുണ്ട്. വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. മറ്റ് മേഖലകൾ പോലെയല്ല കുട്ടനാട്. കുട്ടനാട്ടിലെ 13 പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്രമായ കുടിവെള്ള പദ്ധതിയാണിത്.

മി. ഡെപ്യൂട്ടി സ്പീക്കർ: കൺക്ലൂഡ് ചെയ്ത് പറയൂ.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 241 കോടി രൂപയായിരുന്നെങ്കിൽ പിന്നീടത് പുതുക്കി 385 കോടി രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി 9 പാക്കേജുകളായി

നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. 30 MLD ശേഷിയുള്ള തലവടിയിലെ നീരേറ്റുപുറത്തുള്ള ശുദ്ധീകരണശാലയുടെ പ്രവൃത്തിക്ക് അനുമതി നൽകിക്കഴിഞ്ഞു. 48 കിലോമീറ്റർ വരുന്ന ട്രാൻസ്മിഷൻ മെയിൻ പൂർണ്ണമായി ടെണ്ടർ ചെയ്തു. ബാക്കിയുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. അടിയന്തരമായി ഇക്കാര്യങ്ങൾ ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം വകുപ്പ് സ്വീകരിക്കുകയും ഇത് പൂർണ്ണമായി നടപ്പിലാക്കുന്നതിനാവശ്യമായ കാര്യങ്ങൾ നടന്നുവരികയുമാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

7) അമ്പലപ്പുഴയിലെ കടലാക്രമണം

ശ്രീ. എച്ച്. സലാം: സർ, അമ്പലപ്പുഴ മണ്ഡലത്തിന്റെ വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ കടലാക്രമണം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്റർ, വിയാനി, നീർക്കുന്നം, കാക്കാഴം, ആനന്ദേശ്വരം, പുന്തല തുടങ്ങിയ ഭാഗത്തെല്ലാം വലിയ കടലാക്രമണമാണ് നടന്നുകൊണ്ടിരിക്കുന്നത്. അവിടെ നിരവധി വീടുകൾ ഒലിച്ചുപോയി. പുന്നപ്ര

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഫിഷ് ലാന്റിംഗ് സെന്റർ അപകടത്തിലാണ്. മാത്തേരി-പുന്തല ഭാഗത്ത് പഴയ കടൽഭിത്തിയുടെ മുകളിലൂടെ തിര അടിച്ച്, മണ്ണ് ഒലിച്ച് വീടുകൾക്ക് നാശമുണ്ടാകുന്ന സാഹചര്യമാണുള്ളത്. പുന്നപ്ര-വിയാനി ഫിഷ് ലാന്റ് എന്നിവിടങ്ങളിലെല്ലാം ബി.എം&ബി.സി. റോഡ് ഉൾപ്പെടെ തകർന്നുപോകുന്ന സാഹചര്യമുണ്ടായി. 2022-ൽ കാക്കാഴം-നീർക്കുന്നം ഭാഗത്ത് കിഫ്ബിയുടെ ഫണ്ട് അനുവദിക്കപ്പെട്ടതാണ്. അവിടെ 13 പുലിമുട്ടുകളാണ് ഫെയ്സ് ടൂവിൽ നിർമ്മിക്കേണ്ടത്. ഇപ്പോൾ പാറയുടെ പ്രശ്നമുള്ളതിനാൽ അവിടെ റീ-ഡിസൈൻ ചെയ്യേണ്ടി വന്നു. കോന്നിയിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥലത്ത് പാറയുണ്ട്. റവന്യൂ-ജല-ആരോഗ്യ വകുപ്പുകൾ കൂടിയാലോചിച്ച് ആ പാറ ലഭ്യമാക്കിയാൽ നമുക്കിവിടെ പുലിമുട്ടുകൾ നിർമ്മിക്കാൻ സാധിക്കും. മാത്തേരി-പുന്തല-ആനന്ദേശ്വരം ഭാഗത്തും പുന്നപ്ര മുതൽ വടക്കോട്ടുള്ള ഭാഗത്തും ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞതാണ്. ആ റിപ്പോർട്ട് അടിസ്ഥാനമാക്കി അവിടെ ഫണ്ട് അനുവദിച്ച് പുലിമുട്ട് നിർമ്മിക്കാൻ കഴിയണം. വി.എസ് ഗവൺമെന്റിന്റെ കാലം തൊട്ട് ഈ തീരത്ത് കുറച്ച് പ്രവൃത്തികൾ ചെയ്യാൻ കഴിഞ്ഞുവെങ്കിലും, ഈ പറയപ്പെടുന്ന സ്ഥലത്ത് എല്ലാ വർഷവും രൂക്ഷമായ

ആക്രമണമാണുണ്ടാകുന്നത്. ഈ വർഷം പത്തോളം വീടുകൾ നഷ്ടപ്പെട്ടു. ഇനിയുള്ളത് ഒരു വലിയ ലെയറാണ്. നൂറ് കണക്കിന് വീടുകൾ നഷ്ടമായി പോകുമെന്നുള്ളതുകൊണ്ട് അടിയന്തരസ്വഭാവത്തിൽ അനുവദിക്കപ്പെട്ട ഫണ്ട് പൂർത്തിയാക്കാനും പുതുതായി പറഞ്ഞ ഭാഗത്ത് പുലിമുട്ടുകൾ നിർമ്മിക്കാനുമാവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, തീരസംരക്ഷണത്തിൽ കുറച്ച് പ്രവൃത്തികൾ നടന്നുവരുന്നൊരു പ്രദേശമാണ് ബഹുമാനപ്പെട്ട അംഗം പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങൾ. എന്നാൽ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ പ്രശ്നങ്ങൾ, അതിരൂക്ഷമായ കടലാക്രമണംമൂലമുണ്ടായ ബുദ്ധിമുട്ടുകളാണ് ഇവിടെ എം.എൽ.എ. സൂചിപ്പിച്ചത്. അതിൽ മാത്തേരി മുതൽ പുന്തലവരെയും പുന്നപ്ര മുതൽ ആലപ്പുഴവരെയും ഇൻവെസ്റ്റിഗേഷൻ നടത്തിക്കഴിഞ്ഞ് പുലിമുട്ട് നിർമ്മിക്കുന്നതിനാവശ്യമായ നടപടിയാണ് അടിയന്തരമായി അദ്ദേഹം ആവശ്യപ്പെട്ടത്. അതിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. അക്കാര്യത്തിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ

തുടർനടപടികളിലേക്ക് പോകാൻ ആഗ്രഹിക്കുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ മാസമുണ്ടായ കള്ളക്കടൽ പ്രതിഭാസത്തെത്തുടർന്ന് ഈ മേഖലയിൽ വീടുകൾക്ക് നാശം സംഭവിച്ചുവെന്ന് അറിയുന്ന സന്ദർഭത്തിൽത്തന്നെ അടിയന്തരമായി 30 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. അതും ആ തലത്തിൽ വളരെ വേഗത്തിൽ നിർവഹിക്കാൻ കഴിയുന്ന സ്ഥിതിയാണുള്ളത്. അതോടൊപ്പം കിഫ്ബി ഫണ്ട് അനുവദിക്കപ്പെട്ട കാക്കാഴം-നീർക്കുന്നം പ്രദേശത്ത് റീ-ഡിസൈൻ ചെയ്തുവരുന്നു. ആർ. ആർ. ലഭ്യമാകാനുള്ള പ്രശ്നമാണ് രൂക്ഷമായിട്ടുള്ളത്. വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ആലോചിച്ച് അത് ലഭ്യമാകുന്ന സ്ഥിതിയിൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നത്ര ശ്രമിക്കുന്നുണ്ട്.

8) <u>കുടിവെള്ള പദ്ധതിക്ക് എ.ഡി.ബി.-യിൽനിന്നുള്ള വായ്പ</u>

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഈ സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത് ഒരു പൊതുവിഷയമാണ്. തിരുവനന്തപുരം കൊച്ചി നഗരങ്ങളിലെ കുടിവെള്ള പദ്ധതി വിപുലീകരിക്കാൻ വാട്ടർ അതോറിറ്റി എ.ഡി.ബി.-യിൽനിന്ന് 2511 കോടി രൂപ വായ്പയെടുത്ത് ഒരു പദ്ധതി

നടപ്പിലാക്കിയെന്നാണ് മനസ്സിലാക്കുന്നത്. ഇതിനുമുമ്പ് നടപ്പിലാക്കിയ മൂവായിരം കോടി രൂപയുടെ ജിക്കാ പദ്ധതിയിലോ നബാർഡ്, എൽ.ഐ.സി., അമൃത് സഹായ പദ്ധതിയിലോ ഇപ്പോൾ നടന്നുവരുന്ന നാലായിരം കോടി രൂപയുടെ ജൽജീവൻ മിഷൻ പദ്ധതിയിലോ ഇല്ലാത്ത വ്യവസ്ഥകൾ എ.ഡി.ബി. പദ്ധതിയിലുണ്ടെന്നാണ് ജനങ്ങൾ ആശങ്കപ്പെടുന്നത്. ഇക്കാര്യം ജനങ്ങളിൽ വലിയ ആശങ്ക ഉണ്ടാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി ജീവനക്കാരും ഇതേ ആശങ്കയിലാണ്. കുടിവെള്ള വിതരണം സ്വകാര്യവൽക്കരിക്കുന്ന നയമാണ് ഇതെന്ന് ജനങ്ങളും വാട്ടർ അതോറിറ്റി ജീവനക്കാരും അഭിപ്രായപ്പെടുകയാണ്. നിലവിൽ കൊച്ചി നഗരത്തിലെ ജലവിതരണം പത്ത് വർഷത്തേയ്ക്ക് കരാർ കമ്പനിയെ അവർ ഏൽപ്പിക്കുകയാണെന്നാണ് മനസ്സിലാക്കുന്നത്. ഈ നയം പ്രതിലോമകരമാണ്. വാട്ടർ അതോറിറ്റിക്ക് മികച്ച വരുമാനം നൽകുന്ന കൊച്ചി പദ്ധതി സ്വകാര്യ കമ്പനിക്ക് നൽകുന്നത് വാട്ടർ അതോറിറ്റിയുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കാനിടയാക്കും. ജനങ്ങൾ കുടിവെള്ളത്തിന് അമിതവില നൽകേണ്ടി വരും. ജനങ്ങളുടെയും ജീവനക്കാരുടെയും ആശങ്ക

ദൂരീകരിക്കേണ്ടത് അനിവാര്യമാണ്. ഇതുസംബന്ധിച്ച് ജീവനക്കാരും ജനങ്ങളുമൊക്കെ സമരത്തിലേക്ക് ഇറങ്ങിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ തിരുവനന്തപുരം കൊച്ചി നഗരങ്ങളിലെ കുടിവെള്ള പദ്ധതി വിപുലീകരിക്കാൻ എ.ഡി.ബി.-യിൽനിന്നും വായ്പയെടുക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളെയും ജീവനക്കാരെയും ബാധിക്കുന്ന വ്യവസ്ഥകൾ ഗവൺമെന്റ് പിൻവലിക്കണമെന്നാണ് അഭിപ്രായപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഈ പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ ഇവിടെ സൂചിപ്പിച്ചു. 2,511 കോടി രൂപ വാട്ടർ അതോറിറ്റി നേരിട്ട് എടുക്കുകയല്ല, അത് സർക്കാർ വായ്പയെടുത്ത് സംസ്ഥാന സർക്കാരിന്റെ സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തിയാണിത് ചെയ്യുന്നത്. ഇക്കാര്യം വളരെ പ്രധാനപ്പെട്ടതും നമ്മുടെ സമൂഹം അറിഞ്ഞിരിക്കേണ്ടതുമായ വിഷയമാണ്. ഇവിടെ സൂചിപ്പിച്ച ജിക്കയുടെ പ്രവർത്തനമോ അതല്ലെങ്കിൽ നബാർഡ്, എൽ.ഐ.സി., അമൃത് തുടങ്ങിയ പദ്ധതികളിലോ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ജൽജീവൻ മിഷനുൾപ്പെടെയുള്ള മേഖലയിലോ ഇല്ലാത്ത വ്യവസ്ഥ എ.ഡി.ബി.-

യിലുണ്ടെന്ന് ധരിക്കേണ്ടതായിട്ടില്ല. അതിൽ ജിക്കയും നബാർഡും എൽ.ഐ.സി.-യും അമൃത് ഉൾപ്പെടെയുള്ള പദ്ധതികളുമെല്ലാം കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ടുവരുന്ന സ്കീമുകളാണ്. എന്നാൽ എ.ഡി.ബി.-യുടെ കണ്ടീഷനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഇവിടെ നടന്നിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടാണ് അത് നേരത്തെ നടന്നിട്ടുള്ളത്. ടി പദ്ധതിതന്നെ കോയമ്പത്തൂരും ഡൽഹിയിലും നടന്നിട്ടുണ്ട്. അവരുമായിട്ടുള്ള കണ്ടീഷൻസ് വരുമ്പോഴേ നമുക്ക് അതേക്കുറിച്ച് ആലോചിക്കേണ്ടതായുള്ളൂ. അതിനകത്ത് ഒരു പ്രശ്നമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കുടിവെള്ള വിതരണം സ്വകാര്യവൽക്കരിക്കുകയില്ല. നിലവിൽ അങ്ങനെയൊരു പ്രശ്നമേ ആലോചിച്ചിട്ടില്ല. ടി പദ്ധതിയിൽ യാതൊരുവിധത്തിലുള്ള സ്വകാര്യവൽക്കരണവുമുണ്ടാകില്ല. ഈ വിഷയത്തിൽ മീറ്റർ റീഡിംഗ്, റവന്യൂ പിരിക്കൽ, ഉപഭോക്താക്കൾക്ക് ബില്ലുകൾ എന്നിവ വാട്ടർ അതോറിറ്റി നേരിട്ട് നിർവഹിക്കും. അതിനകത്ത് യാതൊരു മാറ്റവുമുണ്ടാകുന്നില്ല. വിതരണം ചെയ്യുന്ന ജലത്തിന്റെ താരിഫ് നിശ്ചയിക്കുന്നതും ജല അതോറിറ്റി തന്നെയായിരിക്കും.

സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട യാതൊരു വിഷയവും ഇക്കാര്യത്തിൽ ഇല്ല. പൊതുജനങ്ങളെയും ജീവനക്കാരെയും ബാധിക്കുന്ന പ്രശ്നങ്ങളും അവരെ ബോധ്യപ്പെടുത്താൻ കഴിയാത്തതുമായ ഒന്നും ഇതിന്റെ ഭാഗമായികൊണ്ടുവരാൻ ആഗ്രഹിക്കുന്നില്ല. കൊച്ചിയെ സംബന്ധിച്ചിടത്തോളം ഇതിന്റെ അനിവാര്യതയുണ്ട്. 325 എം.എൽ.ഡി. ജലമാണ് ആലുവയിൽനിന്നും മരടിൽനിന്നുമായി എടുത്ത് വിതരണം ചെയ്യുന്നത്. കൊച്ചിയിൽ ശുദ്ധജലം ലഭിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. പഴകിയ ലൈനുകളും പ്രശ്നങ്ങളും കാരണം ആവശ്യമായ ജലം, 325 MLD ജലം കൊടുത്താൽപ്പോലും 50 ശതമാനത്തിന് മാത്രമാണ് ബിൽ ചെയ്യാൻ കഴിയുന്നത്. അവിടെ ജലച്ചോർച്ചയും മോഷണവുമുണ്ടാകുന്നുണ്ട്. ഇതെല്ലാം പരിഹരിക്കാനും/ക്രമീകരിക്കാനും കഴിയുന്ന സ്ഥിതിയിലാണ് ഇതിന്റെ ആദ്യഘട്ടംവരുന്നത്. പ്ലാന്റുകളും അതോടൊപ്പം സംഭരണത്തിനാവശ്യമായ സൗകര്യങ്ങളും നവീകരണത്തിന്റെ ഭാഗമായി വരുന്നുണ്ട്. പത്ത് വർഷമാണ് ഇതിന്റെ ഓപ്പറേഷൻ സമയം. അരുവിക്കരയിലുള്ളതുപോലെ പരിപാലനച്ചുമതല മാത്രമാണ് അവരെ ഏൽപ്പിച്ചിട്ടുള്ളത്. അതിനകത്ത്

യാതൊരുതരത്തിലുള്ള ഒരു ബുദ്ധിമുട്ടും രൂപപ്പെടുന്ന കാര്യമില്ല. O&M (Ongoing Bill Monitoring System) വന്നാൽപോലും അത് ചെയ്യുന്നതിനാവശ്യമായ മോണിറ്ററിംഗും നിരീക്ഷണവുമെല്ലാം നടത്തുന്നത് വാട്ടർ അതോറിറ്റി ജീവനക്കാർ തന്നെയായിരിക്കും. അതോടൊപ്പം ആലുവയിൽ 190 എം.എൽ.ഡി. പ്ലാന്റ് ഉണ്ടാക്കേണ്ടതുണ്ട്. എങ്കിൽമാത്രമേ അവിടത്തെ കുടിവെള്ളപ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ഇതിന്റെഭാഗമായി 2511 കോടി രൂപയുടെ പ്രവർത്തനവും ഈ പദ്ധതിയിലുൾപ്പെടുത്താനാണ് ആഗ്രഹിക്കുന്നത്. ഇതുസംബന്ധിച്ച് യാതൊരു ആശങ്കയും ഉണ്ടാകേണ്ടതില്ല. ഇക്കാര്യത്തിൽ ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാനില്ല. ജീവനക്കാരെയും പൊതുജനങ്ങളെയും പൂർണ്ണമായും ബോധ്യപ്പെടുത്താൻ കഴിയത്തക്കതരത്തിലും എന്നാൽ കൊച്ചിയിൽ ഇക്കാര്യങ്ങളിലെല്ലാം ഉയർന്നുവന്നിട്ടുള്ള കുടിവെള്ളപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിയത്തക്കവിധത്തിലും നമുക്ക് ആലോചിച്ച് തീരുമാനമെടുക്കേണ്ട ഒരു പദ്ധതിയാണിത്. ജീവനക്കാരും യൂണിയൻക്കാരും ഇതിന് പരിഹാരം കാണാനായി എന്റെ അടുത്ത് വന്നു. ഇക്കാര്യം ചർച്ച

ചെയ്യാമെന്ന് ഞാൻ പറഞ്ഞു. ഇവിടെ മാറിനിൽക്കേണ്ട കാര്യവും ആശങ്കയുടെ പ്രശ്നവുമില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ, സ്വകാര്യവൽക്കരിക്കേണ്ട തീരുമാനത്തെക്കുറിച്ച് ആലോചനയില്ല. 8 കമ്പനികൾ വയ്ക്കുന്ന വ്യത്യസ്തമായ എ.ഡി.ബി.-കൾക്ക് പുതിയ പദ്ധതിയെന്ന നിലയിൽ വേറൊരു വ്യവസ്ഥയും കൊണ്ടുവരാൻ ആലോചിക്കുന്നില്ല. ആ നിലയിൽ ആലോചിച്ച് തീരുമാനമെടുത്ത് കൊച്ചിയെ സംരക്ഷിക്കേണ്ട ചുമതല നമുക്കുണ്ട്. അവിടെ ജലലഭ്യതയുടെ കുറവുണ്ട്. ഭാവിയിൽ 190 എം.എൽ.ഡി. പ്ലാന്റുകൂടി കൊണ്ടുവന്ന് ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകാനാണ് ആഗ്രഹിക്കുന്നത്. ഇക്കാര്യം ചർച്ച ചെയ്യുന്നതിന് ഗവൺമെന്റിന് യാതൊരു മടിയും ഇല്ല.

9) കണ്ടാണശേരി പാരീസ് ആശാരിപ്പടി റോഡ് നിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: സർ, മണലൂർ നിയോജകമണ്ഡലത്തിലെ കണ്ടാണശേരി ഗ്രാമപഞ്ചായത്തിലെ പാരീസ് റോഡ് അതീവ ശോചനാവസ്ഥയിലാണ്. വൈദ്യുതി ഗ്രാമപ്രദേശങ്ങളിലെത്തുന്നതിനുമുമ്പ് ഗ്രാമങ്ങളിൽ വെളിച്ചം എത്തിക്കുന്നതിനുവേണ്ടി പാനീസ് വിളക്കുകൾ

തെളിയിച്ചതിന്റെ പേരിലാണ് പാനീസ് റോഡ് എന്നറിയപ്പെട്ടിരുന്നത്. പിന്നീടത് പാരീസ് റോഡായിട്ട് മാറുകയാണുണ്ടായത്. കുന്നംകുളവുമായി ബന്ധപ്പെടുന്ന ഒരു പ്രധാന റോഡാണിത്. നിരവധി സ്വകാര്യ ബസ്സുകൾ, സ്കൂൾ ബസ്സുകൾ, മറ്റ് വാഹനങ്ങളെല്ലാം ഓടുന്ന ഈ റോഡിലൂടെയുള്ള യാത്ര വളരെ ക്ലേശകരമാണ്. പ്രസ്തുത റോഡ് പുനരുദ്ധാരണത്തിനായി റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചുകൊണ്ട് രണ്ട് കോടിയോളം രൂപ അനുവദിക്കുകയുണ്ടായി. അതിന് ടെൻഡർ നടപടികൾ പൂർത്തിയായി, കരാറുകാരൻ വന്ന് റോഡ് പണി ആരംഭിക്കുകയും ചെയ്തു. പണി ആരംഭിച്ചെങ്കിലും, 15 ശതമാനം പണിപോലും ഇന്നുവരെ പൂർത്തീകരിച്ചിട്ടില്ലെന്നുള്ളതാണ് യഥാർത്ഥ്യം. രണ്ടുവട്ടം ആർ.കെ.പ്രതിനിധികളെയും ജിയോ കേബിൾ പ്രതിനിധികളെയും പഞ്ചായത്ത് പ്രസിഡന്റ് അടക്കമുള്ള ജനപ്രതിനിധികളെയും വിളിച്ചുവരുത്തി എം.എൽ.എ. എന്ന നിലയിൽ യോഗം ചേരുകയുണ്ടായി. അതിൽ അടിയന്തരമായി പണി പൂർത്തീകരിക്കുമെന്നുള്ള തീരുമാനമെടുത്തെങ്കിലും നിർമ്മാണം ഇപ്പോഴും സ്തംഭനാവസ്ഥയിലാണ്. അടിയന്തരമായി പാരീസ്

റോഡിന്റെ പണി പൂർത്തീകരിച്ച് സഞ്ചാരയോഗ്യമാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, മണലൂർ മണ്ഡലത്തിലെ കണ്ടാണശേരി ഗ്രാമപഞ്ചായത്തിലാണ് പാരീസ് ആശാരിപ്പടി റോഡ് സ്ഥിതി ചെയ്യുന്നത്. ആ റോഡിന്റെ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി നിലവിലെ കരാർ റദ്ദാക്കി പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10) കാട്ടായിക്കോണം യു.പി.സ്കൂളിനെ ഹൈസ്കൂളാക്കിയും വലിയഉദേശ്വരം എൽ.പി.സ്കൂളിനെ യു.പി.സ്കൂളാക്കിയും ഉയർത്തൽ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തിരുവനന്തപുരം ജില്ലയിലെ കണിയാപുരം വിദ്യാഭ്യാസ ഉപജില്ലയിൽ ഏറ്റവുമധികം കുട്ടികൾ പഠിക്കുന്ന യു.പി. സ്കൂളാണ് കാട്ടായിക്കോണം ഗവൺമെന്റ് മോഡൽ യു.പി. സ്കൂൾ. എല്ലാവിധ അടിസ്ഥാനസൗകര്യങ്ങളും സ്ഥലസൗകര്യങ്ങളുമുള്ള ഈ സ്കൂളിനടുത്ത് സർക്കാർ ഹൈസ്കൂളുകളൊന്നുംതന്നെയില്ല. അടിസ്ഥാനസൗകര്യം കണക്കിലെടുത്തും അക്കാദമിക നിലവാരം കണക്കിലെടുത്തും ഈ സ്കൂളിനെ

ഹൈസ്കൂളായി ഉയർത്തണം. അതോടൊപ്പം കാട്ടായിക്കോണം ഗവൺമെന്റ് മോഡൽ യു.പി.സ്കൂളിന് സ്വാതന്ത്ര്യ സമരസേനാനിയും പുരോഗമനപ്രസ്ഥാനങ്ങളുടെ നേതാവുമായിരുന്ന ആദരണീയനായ കാട്ടായിക്കോണം വി. ശ്രീധരന്റെ നാമധേയം നൽകി കാട്ടായിക്കോണം വി. ശ്രീധർ മെമ്മോറിയൽ മോഡൽ സ്കൂൾ എന്ന് പുനർനാമകരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. എന്റെ മണ്ഡലത്തിലെ മറ്റൊരു സ്കൂളായ ആനയറ വലിയഉദേശ്വരം യു.പി. സ്കൂൾ കെട്ടിടം തകർന്നുവീണതിനെത്തുടർന്ന് കഴിഞ്ഞ മൂന്ന് വർഷക്കാലത്തിലധികമായി പ്രവർത്തനം അവസാനിപ്പിച്ചിരിക്കുകയാണ്. അവിടെ അഞ്ച്, ആറ്, ഏഴ് ക്ലാസുകളിൽ പഠിച്ചിരുന്ന അഞ്ച് വിദ്യാർഥികൾ തൊട്ടടുത്ത വലിയഉദേശ്വരം ലോവർ പ്രൈമറി സ്കൂളിൽ ഇപ്പോൾ അധ്യയനം നടത്തിവരികയാണ്. ഈ സാഹചര്യത്തിൽ വലിയഉദേശ്വരം എൽ.പി.സ്കൂളിൽ യു.പി.സ്കൂൾ പ്രവർത്തനങ്ങൾ സ്ഥിരമായി നടത്തുന്നതിനുള്ള അനുമതി നൽകണമെന്ന് അഭ്യർഥിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കണിയാപുരം വിദ്യാഭ്യാസ ഉപജില്ലയിലെ കാട്ടായിക്കോണം ഗവൺമെന്റ്

യു.പി. എസ്.-ൽ പ്രീപ്രൈമറിയിലും ഒന്നുമുതൽ ഏഴുവരെയുള്ള ക്ലാസുകളിലുമായി ആകെ 474 വിദ്യാർഥികൾ പഠിക്കുന്നു. കാട്ടായിക്കോണം ജംഗ്ഷന്റെ സമീപമാണ് ഈ സ്കൂൾ സ്ഥിതിചെയ്യുന്നത്. എം.വി.എച്ച്. എസ്.എസ്. തുണ്ടത്തിൽ ലക്ഷ്മി വിലാസം ഹൈസ്കൂൾ, പോത്തൻകോട്, കണിയാപുരം മുസ്ലീം ബോയ്സ്-ഗേൾസ് ഹൈസ്കൂൾ, അയിരൂപ്പാറ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ എന്നിവയാണ് ഈ സ്കൂളിന്റെ സമീപമുള്ള സ്കൂളുകൾ. ഇതിൽ പോത്തൻകോട് കരൂർ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ലക്ഷ്മി വിലാസം ഹൈസ്കൂളിലേക്കും അയിരൂപ്പാറ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലേക്കും അഞ്ച് കിലോമീറ്റർ ദൂരവും കണിയാപുരം മുസ്ലീം ബോയ്സ്-ഗേൾസ് ഹൈസ്കൂളിലേക്ക് ആറ് കിലോമീറ്റർ ദൂരവും തുണ്ടത്തിൽ എം.വി.എച്ച്.എസ്.-ലേക്ക് നാല് കിലോമീറ്റർ ദൂരവുമുണ്ട്. അതുകൊണ്ടുതന്നെ ഈ സ്കൂളുകളിലേയ്ക്കുള്ള ഏരിയ വളരെ വലുതാണ്. സ്കൂളിന് നിലവിൽ 14 ക്ലാസ് മുറികളുള്ളതുകൂടാതെ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും നാല് ക്ലാസ് മുറികൾ അടങ്ങുന്ന കെട്ടിടത്തിന് ഒരു കോടി 52 ലക്ഷം രൂപ അനുവദിച്ചിരുന്നു. പത്ത് ക്ലാസ് മുറികൾ എയർകണ്ടീഷൻ ചെയ്ത് സ്മാർട്ട് ക്ലാസ്

റൂമാക്കി സജ്ജീകരിച്ചിട്ടുണ്ട്. ലാബ്, ലൈബ്രറി എന്നിവയ്ക്ക് പ്രത്യേക മുറികളുണ്ട്. ഈ സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുകയാണെങ്കിൽ അനേകം കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം കൂടുതൽ സൗകര്യപ്രദമായി തീരുമെങ്കിലും കെ.ഇ.ആർ. അനുശാസിക്കുന്നതരത്തിലുള്ള സൗകര്യങ്ങൾ തരപ്പെടുത്തുന്ന അവസരത്തിൽ കാട്ടായിക്കോണം യു.പി.എസ്.-നെ ഹൈസ്കൂളാക്കി ഉയർത്തുന്ന കാര്യം ഗവൺമെന്റ് ഉചിതമായ സന്ദർഭത്തിൽ അനുഭാവപൂർവം പരിഗണിക്കുന്നതാണ്. പ്രസ്തുത സ്കൂളിന് സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ശ്രീ കാട്ടായിക്കോണം വി. ശ്രീധരന്റെ പേര് നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. എന്നാൽ തിരുവനന്തപുരത്ത് വടക്ക് ഉപജില്ലാ ഓഫീസിന്റെ പരിധിയിൽവരുന്ന എയ്ഡഡ് സ്കൂളായ വലിയ ഉദേശ്വരം യു.പി.എസ്.-സ്കൂളിന്റെ കെട്ടിടങ്ങളെല്ലാം അൺഫിറ്റ് ആയതുകാരണം പ്രസ്തുത സ്കൂൾ പ്രവർത്തനരഹിതമാണ്. ആയതിന്മേൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്.

11) വള്ളക്കടവ് പാലം പുനർ നിർമ്മാണം

ശ്രീ. ആന്റണി രാജു: സർ, തിരുവനന്തപുരം മണ്ഡലത്തിലെ ദേശീയ ജലപാതയിൽ റ്റി.എസ്. കനാലിനു കുറുകെയുള്ള വള്ളക്കടവ് പാലം തകർച്ചയുടെ വക്കിലായി കഴിഞ്ഞ വർഷം അടച്ചുപൂട്ടി. അതിനുപകരം താൽക്കാലികമായിട്ടുള്ള പാലം കഴിഞ്ഞ വർഷം തുറന്നു. അതിലൂടെ ലൈറ്റ് മോട്ടർ വെഹിക്കിൾസിന് മാത്രമേ ഓടാൻ കഴിയുകയുള്ളൂ. 2009-ൽ ഭരണാനുമതി നൽകിയതും 21-05-2023-ൽ 39.80 കോടി രൂപയ്ക്ക് എ. എസ്. നൽകിയതുമായ പദ്ധതി ബിറ്റുമിൻ നിരക്കിലുണ്ടായ വർദ്ധനവും എസ്റ്റിമേറ്റ് പി.എ.സി.-യിൽ ഉണ്ടായ വർദ്ധനവും കാരണം 56.50 കോടി രൂപയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചു. ദേശീയ ബൈപ്പാസിൽ നിന്നും ഡൊമസ്റ്റിക്ക് എയർപോട്ടിലേയ്ക്കും എഫ്.സി. ഗോഡൗണുകളിലേയ്ക്കും ശംഖുമുഖത്തേയ്ക്കും അതിനെക്കാളുംപ്രധാനമാണ് ശംഖുമുഖത്തേയ്ക്ക് പത്മനാഭ സ്വാമി ക്ഷേത്രത്തിൽ നിന്നുള്ള ആറാട്ട് പോകുന്നത് ഈ പാലത്തിലൂടെയാണ്. പുതുക്കിയ ഭരണാനുമതി ധനവകുപ്പ് ഡെഫർ ചെയ്തിരിക്കുകയാണ്. 90 ശതമാനവും ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു.

അടിയന്തരമായി ഇത് പൂർത്തിയാക്കിയില്ലെങ്കിൽ ദേശീയ ജലപാതയുടെ പ്രവർത്തനത്തെപ്പോലും ബാധിക്കാനിടയുണ്ട്. അതുകൊണ്ട് പുതുക്കിയ ഭരണാനുമതി നൽകി ഈ പാലം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീ. ആന്റണി രാജു പറഞ്ഞ പാലം വിമാനത്താവളത്തിലേക്കും തീരദേശ മേഖലയിലേക്കുമുള്ള യാത്രയ്ക്ക് വളരെയേറെ പ്രധാനപ്പെട്ടതാണ്. 21-05-2023-ന് 39.50 കോടി രൂപയുടെ എസ്റ്റിമേറ്റ് പുതുക്കി. ഭൂമി ഏറ്റെടുക്കാൻ മാത്രം ഏതാണ്ട് 31.7 കോടി രൂപ വേണം. ഇപ്പോൾ അത് 56.5 കോടി രൂപയായി ഉയർന്നിട്ടുണ്ട്. പ്രസ്തുത ഘട്ടത്തിൽ ധനകാര്യ വകുപ്പ് ഇപ്പോൾ പ്രസ്തുത പ്രവൃത്തി തൽക്കാലം മാറ്റിവയ്ക്കാൻ നിർദേശിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത പ്രശ്നം പരിഹരിക്കും.

## 12) കുറ്റ്യാടി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരം

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ: സർ, അഞ്ച് റോഡുകൾ കൂടിച്ചേരുന്ന ഒരു ജംഗ്ഷനാണ് കുറ്റ്യാടി ടൗൺ. കുറ്റ്യാടിയിൽ നിന്നും കോഴിക്കോട്, വടകര, മാനന്തവാടി, പശുക്കടവ് പ്രദേശങ്ങളിലേയ്ക്ക് ഈ ജംഗ്ഷനിലൂടെയാണ് വാഹനങ്ങൾ കടന്നുപോകുന്നത്. ഇതുകാരണം രാവിലെമുതൽ രാത്രിവരെ വലിയ വാഹന ഗതാഗതക്കുരുക്കാണ് അവിടെ അനുഭവപ്പെടുന്നത്. ഇതിന് പരിഹാരമെന്ന രൂപത്തിലാണ് കുറ്റ്യാടി ബൈപ്പാസ് പ്രൊപ്പോസലായി വന്നത്. പതിനഞ്ച് വർഷക്കാലയളവിനു ശേഷം, ഇപ്പോൾ അതിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. ബൈപ്പാസ് പൂർത്തീകരിച്ചുകഴിഞ്ഞാലും വാഹനക്കുരുക്ക് ഒഴിവാകാനുള്ള സാധ്യത ഇപ്പോഴില്ല. ജംഗ്ഷനിലൂടെ ക്രോസ് ചെയ്തുപോകുന്ന വാഹനങ്ങളെ ഒഴിവാക്കിയാൽ മാത്രമേ അതിന് പരിഹാരമാകുകയുള്ളൂ. അതുകൊണ്ട് തൊട്ടിൽപ്പാലം-വയനാട് ഭാഗത്തുനിന്നുവരുന്ന വാഹനങ്ങൾ മരുദ്വാങ്കര വഴി ചെറിയ പാലത്തിലൂടെ കടന്ന് ചങ്ങരോത്ത് പഞ്ചായത്തിലേയ്ക്ക് പ്രവേശിക്കാൻ സാധിക്കുന്ന രൂപത്തിൽ അടുക്കത്ത് പ്രദേശത്തെയും ചെറിയ കുമ്പളം

പ്രദേശത്തെയും ബന്ധിപ്പിക്കുന്ന ഒരു പാലം നിർമ്മിച്ചാൽ ഇതിന് ഒരു പരിഹാരമാകും. അതോടൊപ്പംതന്നെ ഏറ്റവും വാഹന ഗതാഗത വേഗതയുള്ള-തിരക്കുള്ള പേരാമ്പ്ര-മാനന്തവാടി റോഡിൽ ഒരു മേൽപ്പാല സാധ്യതകൂടി പരിശോധിക്കണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ, കുറ്റ്യാടി നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ രണ്ട് പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. അതിലൊരു പദ്ധതി ഈ വർഷംതന്നെ ആരംഭിക്കാൻ കഴിയും. ബൈപ്പാസ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അത് പ്രാവർത്തികമായാൽ വലിയ തോതിൽ ഈ ഗതാഗതക്കുരുക്കിന് പരിഹാരമാകും. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾക്ക് ഇൻവെസ്റ്റിഗേഷൻ നടത്താൻ ഇപ്പോൾ നിർദേശം നൽകാവുന്നതാണ്.

13) സുൽത്താൻ ബത്തേരി-പെരിക്കല്ലൂർ റോഡ് പുനരുദ്ധാരണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ സുൽത്താൻ ബത്തേരി-പെരിക്കല്ലൂർ റോഡിന്റെ ദൂരം 34 കിലോമീറ്ററാണ്. സുൽത്താൻ ബത്തേരി നഗരസഭ, പൂതാടി ഗ്രാമപഞ്ചായത്ത്, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് വഴി കടന്നുപോയി കർണ്ണാടക ബോർഡറിലെ വൈരക്കുപ്പയിലെത്തുന്നതാണ് ഈ റോഡ്. പ്രസ്തുത റോഡ് ഇന്ന് കുണ്ടുംകുഴിയുമായി കിടക്കുകയാണ്. മാത്രമല്ല, ബഹുമാനപ്പെട്ട പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രി ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ അന്ന് ഒ.പി.ബി.ആർ.സി.-യിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി 53 കോടി രൂപയുടെ ഒരു പാക്കേജിന് തീരുമാനമായിരുന്നു. അതിന്റെ എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം തയ്യാറാക്കിയതിനുശേഷം ഇതിന്റെ എക്സ്പെർട്ട് അംഗങ്ങൾ വന്ന് പരിശോധിച്ചപ്പോൾ ഇത് ഒ.പി.ബി.ആർ.സി. മാനദണ്ഡത്തിൽപ്പെടില്ലെന്ന് അവർ റിപ്പോർട്ട് നൽകുകയുണ്ടായി. മാത്രമല്ല, നിരവധി ടൂറിസ്റ്റുകളും സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന കുടിയേറ്റ മേഖലയാണിത്, ദീർഘദൂര ബസ് സർവീസ് അടക്കമുള്ള റൂട്ടാണ്. നിലവിൽ ഈ റോഡിലെ പല സ്ഥലങ്ങളിലും

വലിയ ഗർത്തങ്ങൾ രൂപപ്പെട്ടിരിക്കുകയാണ്. മെയിന്റനൻസ് നടത്തുന്നതിന് പി.ഡബ്ല്യൂ.ഡി. (സി)- ക്ക് രണ്ട് എസ്റ്റിമേറ്റ് സമർപ്പിച്ചു. അതിന് നടപടിയായിട്ടില്ല. മാത്രമല്ല, ഗവൺമെന്റിന്റെ മറ്റേതെങ്കിലും പദ്ധതിയിലുൾപ്പെടുത്താമെന്നുപറഞ്ഞ് പി.ഡബ്ല്യൂ.ഡി. മിനിസ്റ്റർ എനിക്ക് ഒരു കത്തും നൽകിയിരുന്നു. കെ.എസ്.ടി.പി. ഉൾപ്പെടെയുള്ള പദ്ധതികളുണ്ടെന്നാണ് അന്ന് പറഞ്ഞത്. 34 കിലോമീറ്റർ, ഏതാണ്ട് നാല് പഞ്ചായത്തുകളിൽക്കൂടി കടന്നുപോകുന്ന ഈ റോഡ് പെരിക്കല്ലൂർ എത്തുന്ന ഭാഗംവരെ തകർന്നിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് ഗവൺമെന്റിന്റെ ഏതെങ്കിലും ബൃഹത്തായ പദ്ധതിയിൽപ്പെടുത്തി സ്റ്റേറ്റ് ഹൈവേ എന്നുള്ള നിലയ്ക്ക് ഇതിന്റെ പുനരുദ്ധാരണം നടത്തണമെന്ന് സഭയോട് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഒ.പി.ബി.ആർ.സി.-4 പദ്ധതി ടെണ്ടർ ചെയ്തപ്പോൾ ആരും ക്വാട്ട് ചെയ്തില്ല.

അതിനുശേഷം പുതുക്കിയ ഭരണാനുമതി ആവശ്യമായി വന്നു. അതിന്റെ അടിസ്ഥാനത്തിൽ ഓവർലേ പ്രവൃത്തി അനുവദിക്കുന്നതിന് ധനകാര്യവകുപ്പിന്റെ പ്രത്യേക പെർമിഷൻ ആവശ്യമാണ്. അതിനായി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ റോഡ് ഉൾപ്പെടെ ഈ പാക്കേജിലുൾപ്പെടുത്തി ഈ പ്രവൃത്തി നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

14) കൊച്ചി മുസിരിസ് ബിനാലെ വേദി ഒരുക്കൽ

ശ്രീ. കെ. ജെ. മാക്സി: സർ, കൊച്ചിയിൽ രണ്ട് വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്ന അന്തർദേശീയ സമകാലിക കലാപ്രദർശനമായ കൊച്ചി മുസിരസ് ബിനാലെ പ്രതിസന്ധി നേരിടുകയാണ്. ബിനാലെയുടെ പ്രധാന പ്രദർശനവേദിയായ ഫോർട്ട് കൊച്ചിയിലെ അസ്പിൻ വാൾ കെട്ടിടത്തിന്റെ ഉടമയായ ഡി.എൽ.എഫ്. ഇൻഡ്യൻ കോസ്റ്റ് ഗാർഡിന് വിൽക്കുവാനുള്ള നീക്കം നടക്കുന്നതായി അറിയുന്നു. ഈ വില്പന സംബന്ധിച്ച ചർച്ചകൾ പുരോഗമിക്കുന്നുവെന്നാണ് മാധ്യമ റിപ്പോർട്ടുകൾ. ഇക്കൊല്ലം 2024 ഡിസംബർ 12-ന് ഉദ്ഘാടനം ചെയ്യേണ്ട ബിനാലെയുടെ 6-ാം എഡിഷൻ സംഘടിപ്പിക്കാനാകില്ലെന്ന തീരുമാനത്തിലാണ് കൊച്ചി ബിനാലെ

ഫൗണ്ടേഷൻ എത്തിച്ചേർന്നിരിക്കുന്നതെന്ന് മനസ്സിലാക്കുന്നു. കേരളത്തിന്റെ സാംസ്കാരിക മേഖലയിൽ വലിയ സംഭാവന നൽകുന്ന സംരംഭമായ ബിനാലെ ഇന്ന് കൊച്ചിയുടെ ടൂറിസം സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ്. 2012-ലെ ആദ്യ ബിനാലെ മുതൽ ഓരോ തവണയും ബിനാലെ ആസ്വദിക്കാനെത്തുന്നവരുടെ എണ്ണം വർദ്ധിക്കുന്നു. 2022-23-ലെ ബിനാലെ ആറ് ലക്ഷത്തോളം പേർ സന്ദർശിച്ചെന്നാണ് കണക്ക്. ബിനാലെയ്ക്ക് വേദി നഷ്ടമാകുന്നുവെന്നതും ബിനാലെ സംഘടിപ്പിക്കാനാകുന്നില്ലെന്നതും വലിയ നഷ്ടമാണ്. ലോകസാംസ്കാരികരംഗത്ത് ചർച്ച ചെയ്യുന്ന ഇൻഡ്യയിലെ ഏക ബിനാലെയാണ് നമ്മുടേത്. ഈ കേരള മോഡൽ ബിനാലെയെ പിന്തുണയ്ക്കുന്ന സർക്കാർ തീരുമാനങ്ങൾ ലോകം ശ്രദ്ധിക്കുന്നു. ബിനാലെ സംഘാടനത്തിന് സ്ഥിരം വേദിയൊരുക്കി ബിനാലെ സംഘടിപ്പിക്കുന്നതിന് നടപടി വേണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബിനാലെ ആറാം പതിപ്പിലേയ്ക്ക് കടക്കുകയാണ്.

സംസ്കാരിക ടൂറിസം ഇവന്റായ കൊച്ചി ബിനാലെ ചരിത്രത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. കൊച്ചി ബിനാലേയ്ക്ക് സ്ഥിരംവേദി ഉണ്ടാക്കാനുള്ള ചില പ്രവർത്തനങ്ങൾക്ക് സർക്കാർ വലിയ ശ്രമംതന്നെ നടത്തി. സ്ഥിരം വേദിക്കായി 1.61 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 102.06 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. അതിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചറിനെ ചുമതലപ്പെടുത്തി. ആ കാര്യം മുന്നോട്ടുപോകുന്നുണ്ട്. ഇപ്പോഴുള്ള ആശങ്ക, ബഹുമാനപ്പെട്ട അംഗം പറഞ്ഞത്, ബിനാലെയുടെ പ്രധാന വേദി നഷ്ടപ്പെടുന്നതിനെക്കുറിച്ചാണ്. ബിനാലെ നല്ല നിലയിൽ സംഘടിപ്പിക്കാനാവശ്യമായ എല്ലാ സഹായവും സർക്കാരിന്റെയും ടൂറിസം വകുപ്പിന്റെയും ഭാഗത്തുനിന്നുമുണ്ടാകും. വേദിയുമായി ബന്ധപ്പെട്ട കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ചതിനുശേഷം എങ്ങനെ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയുമെന്നത് അറിയിക്കാം.

15) ആലുവ മുനിസിപ്പാലിറ്റി പരിധിയിൽ ഹോമിയോ ഡിസ്പെൻസറി

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ മുൻസിപ്പാലിറ്റിയുടെ പരിധിയിൽ നിലവിലൊരു ഹോമിയോ ഡിസ്പെൻസറിയില്ല. പലതവണ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള കാര്യമാണിത്. അതിനായി 07-06-2021-ൽ ബഹുമാനപ്പെട്ട മന്ത്രിക്കൊരു കത്തും നൽകിയിരുന്നു. മന്ത്രിയെ കാണുമ്പോൾ നിരന്തരം ഞാൻ ഓർമ്മപ്പെടുത്താറുമുണ്ട്. ഹോമിയോ ഡിസ്പെൻസറി ലഭിക്കുമെന്ന പ്രതീക്ഷയിൽ ആലുവ മുനിസിപ്പാലിറ്റിയിൽ അതിനായി കെട്ടിടംവരെ തയ്യാറാക്കി നിർത്തിയിരിക്കുകയാണ്. നമുക്കറിയാം, എല്ലാ ചികിത്സയും എല്ലാ ജനങ്ങൾക്കും കിട്ടണം. ആയുർവേദം, അലോപ്പതി, ഹോമിയോ എല്ലാം വേണം. ആലുവ മുൻസിപ്പാലിറ്റിയുടെ പരിധിയിൽ ഹോമിയോ ഡിസ്പെൻസറിയില്ല. അത് അത്യാവശ്യമാണ്. ഗവൺമെന്റ് എത്രയും വേഗം പ്രസ്തുത ഹോമിയോ ഡിസ്പെൻസറി അനുവദിക്കുമോയെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ചോദിക്കാനുള്ളത്. അനുഭാവപൂർവ്വമായ ഒരു മറുപടി പ്രതീക്ഷിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഹോമിയോ ഡിസ്പെൻസറികളുണ്ടാകുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. അതുകൊണ്ട് തീർച്ചയായും ആലുവ മുനിസിപ്പാലിറ്റിയിലും ഡിസ്പെൻസറിയുണ്ടാകും. നാഷണൽ ആയുഷ്മിഷന്റെ കാരുണ്യ പദ്ധതിയിലുൾപ്പെടുത്തി ഡിസ്പെൻസറി ആരംഭിക്കുന്ന വിഷയമാണ് സർക്കാരിന്റെ സജീവ പരിഗണനയിലുള്ളത്. അതിൽ അന്തിമ തീരുമാനം ഉടനുണ്ടാകും. അവിടെ ഡിസ്പെൻസറി അനുവദിക്കും.

## 16) ഷൊർണ്ണൂരിലെ ടർഫ് സ്റ്റേഡിയം നിർമ്മാണം

ശ്രീ. പി. മമ്മിക്കുട്ടി : സർ, ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം, അനങ്ങനടി സെന്ററുകളിൽ 2021-ൽ നിർമ്മാണം ആരംഭിച്ച രണ്ട് ടർഫ് സ്റ്റേഡിയങ്ങളിൽ ഒന്ന് 4,32,00,000 രൂപയും മറ്റൊന്ന് 3,20,00,000 രൂപയുമാണ്. അതിന്റെ പ്രവൃത്തി ഇഴഞ്ഞുനീങ്ങുകയാണ്. എത്രയുംവേഗം ടർഫിന്റെ നിർമ്മാണം പൂർത്തിയാകാനാവശ്യമായ നടപടി സ്വീകരിക്കണം. കൂടാതെ, കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് ഫണ്ടിൽ ചെറുപ്പുളശ്ശേരി ടൗണിലെ

മുനിസിപ്പൽ ഗ്രൗണ്ടിനായി രണ്ടു കോടി രൂപ നീക്കിവച്ചിരുന്നു. പ്രസ്തുത ടർഫ് നിർമ്മാണം പൂർത്തിയാക്കണമെങ്കിൽ നാലു കോടി രൂപയെങ്കിലും ആവശ്യമാണ്. അതുകൊണ്ട് രണ്ടു കോടി രൂപകൂടി ഇതിന്റെ ഭാഗമായി സർക്കാർ അനുവദിച്ചു നൽകാനുള്ള നടപടി സ്വീകരിക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, വാണിയംകുളം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിലെ സിന്തറ്റിക് ഫുട്ബോൾ ടർഫും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിന് 3.71 കോടി രൂപയുടെ പ്രവൃത്തികളിൽ 70 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്. 2024 ഓഗസ്റ്റ് മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചെറുപ്പുളശ്ശേരി ടർഫുമായി ബന്ധപ്പെട്ട തീരുമാനം പിന്നീട് അംഗത്തെ അറിയിക്കുന്നതാണ്.